# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **35** — **09.02.2016**- ലെ മറുപടിക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>,, വർക്കല കഹാർ<br>,, സി.പി. മുഹമ്മദ്<br>,, സണ്ണി ജോസഫ് | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) സഹകരണ മേഖലയിൽ കുടിശ്ശിക കുറയ്ക്കുന്നതിന് 2011 മുതൽ ആശ്വാസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുക, കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളാക്കി/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. 2016 ജനുവരി 1 മുതൽ മാർച്ച് 31 വരെ സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായി ഇപ്പോൾ 'ആശ്വാസ് 2016' പദ്ധതി നടപ്പിലാക്കി വരുന്നു.<br>"ആശ്വാസ്" പദ്ധതി പ്രകാരം കുടിശ്ശിക ലഘൂകരിക്കുന്നതിൽ സഹകരണ സംഘങ്ങൾ വിജയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഈ പദ്ധതിയിലൂടെ ഈടാക്കിയെടുത്ത കുടിശ്ശിക തുക ചുവടെ ചേർക്കുന്നു: |

| വർഷം | തുക (രൂപ) |
|---|---|
| 2011 | 1007.05 കോടി |
| 2012 | 1995.61 കോടി |
| 2014 | 3079.53 കോടി |
| 2015 | 4030.98 കോടി |

......2

ഇപ്രകാരം കുടിശ്ശിക ഈടാക്കിയതിലൂടെ പലിശ, പിഴപലിശ, മറ്റ് ചിലവുകൾ എന്നിങ്ങനെയായി ചുവടെ പരാമർശിക്കുന്ന തുകകൾ വായ്പക്കാർക്ക് ഇളവ് നൽകിയിട്ടുണ്ട്:

| വർഷം | തുക (രൂപ) |
|---|---|
| 2011 | 45.62 കോടി |
| 2012 | 53.48 കോടി |
| 2014 | 128.39 കോടി |
| 2015 | 140.54 കോടി |

മുൻ വർഷങ്ങളെ അപേക്ഷിച്ച് മികച്ച പുരോഗതിയാണ് 2014-15 വർഷം ആശ്വാസ് പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞത്. 2016 ലും ആശ്വാസ് പദ്ധതി നടപ്പിലാക്കി വരികയാണ്.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(സി) ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘം/ബാങ്ക് തലത്തിലും ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരു ത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ഭാഗമായി സംഘം/ ബാങ്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കി യിട്ടുണ്ട്. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല നോഡൽ ആഫീസറായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ക്രെഡിറ്റ്) നെ ചുമതലപ്പെട്ട ത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾക്കിടയിൽ എത്തിക്കുന്നതിനു വേണ്ടിയും വിജയകരമായ നടത്തിപ്പിനുമായി പരമാവധി പ്രചാരണങ്ങൾ നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**